പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2054 **26-10-2026-ൽ മറുപടിയ്ക്ക്**

മരുന്ന് ലഭ്യത ഉറപ്പാക്കാൻ നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. സി. ആർ. മഹേഷ്

ശ്രീ. കെ. പി. നൗഷാദ് അലി

ശ്രീ. കെ. പ്രവീൺ കുമാർ

ശ്രീ. സിറിയക് തോമസ്

മറുപടി നൽകിയ മന്ത്രി

ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) സർക്കാർ ആശുപത്രികളിൽ അവശ്യമരുന്നുകളുടെ ലഭ്യത ഉറപ്പാക്കാൻ ജില്ലാതല നിരീക്ഷണ സമിതി രൂപീകരിക്കാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ;

മറുപടി:

സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ അവശ്യ മരുന്നുകളുടെ ലഭ്യത തടസ്സമില്ലാതെ ഉറപ്പുവരുത്തുന്നതിനായി 12.10.2026-ലെ സ.ഉ.(സാധാ)നം.3420/2026/ആ.കു.വ ഉത്തരവ് പ്രകാരം ഓരോ ജില്ലയിലും അഞ്ച് അംഗങ്ങൾ ഉൾപ്പെടുന്ന ജില്ലാതല നിരീക്ഷണ സമിതി (District-level Monitoring Team) രൂപീകരിച്ചിട്ടുണ്ട്. സർക്കാർ ആശുപത്രികളിലെ മരുന്നുകളുടെ ലഭ്യത കാലാകാലങ്ങളിൽ അവലോകനം ചെയ്യുക, മരുന്നുകളുടെ കുറവ് കണ്ടെത്തുക, കുറവ് പരിഹരിക്കുന്നതിനായി സമയബന്ധിതമായി ആവശ്യമായ നടപടികൾ സ്വീകരിക്കുക എന്നിവയാണ് സമിതിയുടെ പ്രധാന ചുമതലകൾ. പ്രസ്തുത സമിതിയിലെ അംഗങ്ങൾ ബന്ധപ്പെട്ട സർക്കാർ ആശുപത്രികൾ നേരിട്ട് സന്ദർശിച്ച് മരുന്നുകളുടെ സ്റ്റോക്കും ലഭ്യതയും പരിശോധിച്ച് ഉറപ്പുവരുത്തുകയും, അടിയന്തരമായി ആവശ്യമായതും ഭാവിയിൽ ആവശ്യമായി വരാൻ സാധ്യതയുള്ളതുമായ മരുന്നുകളുടെ അളവ് വിലയിരുത്തുകയും ചെയ്യുന്നു. നേരിട്ടുള്ള പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന പ്രതിവാര റിപ്പോർട്ട് ബന്ധപ്പെട്ട അധികാരികളായ ആരോഗ്യ വകുപ്പ് ഡയറക്ടർ അല്ലെങ്കിൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ എന്നിവർക്ക് സമർപ്പിക്കും. പ്രസ്തുത റിപ്പോർട്ടിൽ നിലവിലുള്ള മരുന്നുകളുടെ സ്റ്റോക്ക് നില കുറവുണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ, ഇനി ലഭ്യമാക്കേണ്ട മരുന്നുകളുടെ വിവരങ്ങൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ഉൾപ്പെടുന്നതാണ്.

(ബി) മരുന്ന് സ്റ്റോക്കുണ്ട് എന്ന രേഖയിലെ കണക്കിനപ്പുറം രോഗിക്ക് മരുന്ന് ലഭിക്കുന്നുണ്ടോ എന്ന മാനദണ്ഡത്തിൽ ആശുപത്രി രേഖകൾക്ക് പുറമെ, ഫാർമസിയിലും സ്റ്റോറിലും നേരിട്ടു പരിശോധിച്ച് മരുന്ന് ലഭ്യത വിലയിരുത്തി ഓരോ ആഴ്ചയും സമിതി റിപ്പോർട്ട് നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

മറുപടി:

സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ അവശ്യ മരുന്നുകളുടെ ലഭ്യത തടസ്സമില്ലാതെ ഉറപ്പുവരുത്തുന്നതിനായി 12.10.2026-ലെ സ.ഉ.(സാധാ)നം.3420/2026/ആ.കു.വ ഉത്തരവ് പ്രകാരം ഓരോ ജില്ലയിലും അഞ്ച് അംഗങ്ങൾ ഉൾപ്പെടുന്ന ജില്ലാതല നിരീക്ഷണ സമിതി (District-level Monitoring Team) രൂപീകരിച്ചിട്ടുണ്ട്. സർക്കാർ ആശുപത്രികളിലെ മരുന്നുകളുടെ ലഭ്യത കാലാകാലങ്ങളിൽ അവലോകനം ചെയ്യുക, മരുന്നുകളുടെ കുറവ് കണ്ടെത്തുക,

കുറവ് പരിഹരിക്കുന്നതിനായി സമയബന്ധിതമായി ആവശ്യമായ നടപടികൾ സ്വീകരിക്കുക എന്നിവയാണ് സമിതിയുടെ പ്രധാന ചുമതലകൾ. പ്രസ്തുത സമിതിയിലെ അംഗങ്ങൾ ബന്ധപ്പെട്ട സർക്കാർ ആശുപത്രികൾ നേരിട്ട് സന്ദർശിച്ച് മരുന്നുകളുടെ സ്റ്റോക്കും ലഭ്യതയും പരിശോധിച്ച് ഉറപ്പുവരുത്തുകയും, അടിയന്തരമായി ആവശ്യമായതും ഭാവിയിൽ ആവശ്യമായി വരാൻ സാധ്യതയുള്ളതുമായ മരുന്നുകളുടെ അളവ് വിലയിരുത്തുകയും ചെയ്യുന്നു. നേരിട്ടുള്ള പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന പ്രതിവാര റിപ്പോർട്ട് ബന്ധപ്പെട്ട അധികാരികളായ ആരോഗ്യ വകുപ്പ് ഡയറക്ടർ അല്ലെങ്കിൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ എന്നിവർക്ക് സമർപ്പിക്കും. പ്രസ്തുത റിപ്പോർട്ടിൽ നിലവിലുള്ള മരുന്നുകളുടെ സ്റ്റോക്ക് നില കുറവുണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ, ഇനി ലഭ്യമാക്കേണ്ട മരുന്നുകളുടെ വിവരങ്ങൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ഉൾപ്പെടുന്നതാണ്.

(സി) ഏതെങ്കിലും മരുന്ന് അധികമായുണ്ടെങ്കിൽ ആവശ്യമുള്ള മറ്റ് ആശുപത്രിയിലേക്ക് എത്തിക്കാനും ഗുരുതരമായ മരുന്ന് ക്ഷാമം കണ്ടെത്തിയാൽ ഉടൻ ബന്ധപ്പെട്ട അധികൃതരെ അറിയിച്ച് അടിയന്തരമായി ആവശ്യമായ മരുന്നുകൾ ലഭ്യമാക്കാനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>മറുപടി:</u> സർക്കാർ ആശുപത്രികളിൽ അവശ്യ മരുന്നുകളുടെ ലഭ്യത ഉറപ്പാക്കുന്നതിനും സ്റ്റോക്ക് നിരീക്ഷിക്കുന്നതിനുമായി ജില്ലാതല ഡ്രഗ് മോണിറ്ററിംഗ് കമ്മിറ്റി നിലവിലുണ്ട്.

ആരോഗ്യ വകുപ്പും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പും സംയുക്തമായി നൽകുന്ന ഇൻഡന്റിനു അനുസൃതമായിട്ടാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മരുന്നും അനുബന്ധ സാമഗ്രികളും സംഭരിച്ചു വിതരണം നടത്തി വരുന്നത്. ഏതെങ്കിലും മരുന്ന് അധികമായി ഉണ്ടാകുന്ന പക്ഷം ഇന്റർ ഇൻസ്റ്റിട്യൂഷൻ ട്രാൻസ്ഫർ , ഇന്റർ വെയർ ഹൗസ് ട്രാൻസ്ഫർ എന്നീ പ്രക്രിയയിലൂടെ, ആവശ്യമുള്ള മറ്റു ആശുപത്രികളിലേക്ക് സമയബന്ധിതമായി മരുന്നുകൾ എത്തിക്കുന്നതിനായി നടപടികൾ KMSCL സ്വീകരിച്ചു വരുന്നുണ്ട്.

ജീവൻരക്ഷാ മരുന്നുകളും മറ്റ് അത്യാവശ്യ ആരോഗ്യ ഉപഭോഗ വസ്തുക്കളും യാതൊരു കാലതാമസവും കൂടാതെ ആരോഗ്യ സ്ഥാപനങ്ങളിൽ ലഭ്യമാക്കുന്നതിനായി KMSCL കാര്യക്ഷമമായ മുൻഗണനാ വിതരണ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. അടിയന്തര സാഹചര്യങ്ങളിൽ പെട്ടെന്ന് ഉയരുന്ന ആവശ്യകതകൾ പരിഹരിക്കുന്നതിനായി Additional Purchase Orders, വിവിധ വെയർഹൗസുകൾ തമ്മിലുള്ള സ്റ്റോക്ക് പുനർവിന്യാസം എന്നിവ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നു. ഇതുവഴി ആവശ്യമായ മരുന്നുകളും സാമഗ്രികളും സമയബന്ധിതമായി ലഭ്യമാക്കാൻ സാധിക്കുന്നു.

സെക്ഷൻ ഓഫീസർ